പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1309

20.1.2014- ൽ
മറുപടിക്ക്

## കയർ വ്യവസായത്തിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക

| ചോദ്യം<br>ശ്രീ.പി.കെ. ഗുരുദാസൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ വ്യവസായത്തിനുവേണ്ടി 2013-14 ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തി; പ്രസ്തുത തുകയിൽ നിന്നും 2013 ഡിസംബർ വരെ ഏതെല്ലാമിനത്തിൽ എന്തു തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ): 2013-14 ബഡ്ജറ്റിൽ കയർമേഖലയ്ക്കായി പദ്ധതിയിനത്തിൽ ആകെ 116,37,00,000/- രൂപ (സംസ്ഥാനവിഹിതം111,37,00,000 + കേന്ദ്രവിഹിതം 5 കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. കൂടാതെ, പദ്ധതിയിതര ഇനത്തിൽ കയർ തൊഴിലാളി പെൻഷനും ആനുകൂല്യങ്ങൾക്കുമായി 25,00,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിനത്തിൽ 2013 ഡിസംബർവരെ ചെലവായ തുകയെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി (I) ചേർത്തിരിക്കുന്നു. പദ്ധതിയേതരയിനത്തിൽ 2013 ഡിസംബർ വരെ 16,13,65,000/- രൂപ ചെലവഴിച്ചു. |
| (ബി) 2012-13-ൽ കയർ വ്യവസായത്തിനുവേണ്ടി എന്ത് തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു; ഇതിൽ ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ; | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 104,70,00,000/- രൂപ നീക്കിവെച്ചിരുന്നു. ഇതിൽ 100,70,00,000/- രൂപ - സംസ്ഥാന വിഹിതവും 400,00,000/- രൂപ കേന്ദ്രവിഹിതവും ആയിരുന്നു. കൂടാതെ, പദ്ധതിയേതര ഇനത്തിൽ കയർ തൊഴിലാളി പെൻഷനും ആനുകൂല്യങ്ങൾക്കുമായി 32,00,00,000/- രൂപയും ചെലവഴിച്ചു. ഓരോ പദ്ധതിക്കും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി (II) ചേർത്തിരിക്കുന്നു. |

| | |
|---|---|
| സി) കയർതൊഴിലാളി പ്രൈമറി സൊസൈറ്റികൾക്കും കയർഫെഡിനും കയർ കോർപ്പറേഷനും എന്ത് തുക വീതം 2012-13 ലും 2013-14 ലും പ്രവർത്തനമൂലധനമായും ഗ്രാന്റായും നൽകിയിട്ടുണ്ട്; ഇനം തിരിച്ച് വിശദീകരിക്കുമോ; ഇൻകം സപ്പോർട്ട് സ്കീം ഇനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര രൂപ അനുവദിച്ചു; ഓരോ വർഷവും എന്ത് തുക വീതം ചെലവഴിച്ചു; വിശദീകരിക്കുമോ? | സി) കയർ തൊഴിലാളി പ്രൈമറി സൊസൈറ്റികൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനമായി 2012-13 സാമ്പത്തിക വർഷം 446 സംഘങ്ങൾക്ക് 9,04,47,648/- രൂപയും 2013-14 സാമ്പത്തികവർഷം നാളിതുവരെ 78 - സംഘങ്ങൾക്ക് 1,45,25,260/- രൂപയും അനുവദിച്ചു. കയർഫെഡിന് 2012-13 സാമ്പത്തിക വർഷം പ്രവർത്തനമൂലധനമായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് പ്രവർത്തന മൂലധനമായി തുകയൊന്നും അനുവദിച്ചില്ല. എന്നാൽ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം, 2012-13 സാമ്പത്തികവർഷം 18,39,60,000/- രൂപ അനുവദിച്ചു. ഇൻകം സപ്പോർട്ട് സ്കീം ഇനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 28,50,60,000/- രൂപ അനുവദിച്ചു. ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം 2012-13-ൽ 16,42,61,009/- രൂപയും, 2013-14 ൽ നാളിതുവരെ 11,46,15,534/- രൂപയും ചെലവഴിച്ചു. മറ്റു പദ്ധതി പ്രകാരം ഗ്രാന്റായി നൽകിയിട്ടുള്ള തുകയുടെ വിവരം അനുബന്ധമായി (III) ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**